അദ്ധ്യാപകരുടെ ശമ്പളപരിഷ്ക്കാരം സംബന്ധിച്ച കോടതി വിധി

22 (1235) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗീകൃത സ്കൂളുകളിലെ അദ്ധ്യാപകർക്ക് പരിഷ്ക്കരിച്ച നിരക്കിൽ ശമ്പളം നൽകുന്നതു സംബന്ധിച്ച് എന്തെങ്കിലും കോടതിവിധി ഉണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) കോടതി വിധി വന്നിട്ടും ഏതെങ്കിലും സ്കൂളുകളിൽ പരിഷ്ക്കരിച്ച നിരക്കിൽ ശമ്പളം ലഭിക്കുന്നില്ലെന്ന പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) കോടതി വിധി പ്രകാരം എല്ലാ അംഗീകൃത സ്കൂളുകളിലേയും അദ്ധ്യാപകർക്ക് പരിഷ്ക്കരിച്ച നിരക്കിൽ ശമ്പളം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അംഗീകൃത അൺ എയിഡഡ് സ്കൂൾ ജീവനക്കാരുടെ ശമ്പളം പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി&ഇ) ശമ്പള പരിഷ്ക്കരണം സംബന്ധിച്ച് സർക്കാർ ഉത്തരവ് മാനേജർമാർ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

കരിക്കുലം കമ്മിറ്റി നിർദ്ദേശം നടപ്പിലാക്കണമെന്ന ആവശ്യം

23 (1236) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരിക്കുലം കമ്മിറ്റി നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നു മുതൽ പ്രാവർത്തികമാക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ദേശീയ രാജ്യാന്തര നയങ്ങൾക്കനുസൃതമായാണോ കരിക്കുലം കമ്മിറ്റിയുടെ നിർദ്ദേശം എന്ന് വ്യക്തമാക്കുമോ ;

(സി) ദേശീയ രാജ്യാന്തര നയം സർക്കാർ അംഗീകരിക്കുന്നുണ്ടെങ്കിൽ ഒന്നാം ക്ലാസ്സ് പ്രവേശന പ്രായപരിധി ആറു വയസ്സായി നിർണ്ണയിക്കുമോ ;

(ഡി) പ്രീ-സ്കൂൾ ഘട്ടത്തിലെ പ്രായപരിധി നാലു മുതൽ ആറു വയസ്സുവരെ എന്ന് നിർണ്ണയിക്കുമോ ;

(ഇ) ക്രഷ്, ഡേ കെയർ എന്നീ സംവിധാനങ്ങളിലെ പ്രായപരിധി ഒന്നു മുതൽ മൂന്നു വയസ്സുവരെയാക്കുവാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എൽ.പി., യു.പി. സെക്കന്ററി എന്നീ ഘട്ടങ്ങൾ യഥാക്രമം രണ്ടു മുതൽ അഞ്ചുവരെയും ആറു മുതൽ എട്ടു വരെയും ഒൻപത്, പത്ത് എന്നീ ക്ലാസ്സു വരെയും ആക്കി പുനഃക്രമീകരിക്കുമോ ?

ഉത്തരം

(എ&ബി) ദേശീയ വിദ്യാഭ്യാസ നയത്തിനുള്ളിൽ നിന്നുകൊണ്ട് വിദ്യാഭ്യാസ പദ്ധതികൾ ആവിഷ്കരിക്കാൻ സംസ്ഥാന ഗവൺമെന്റുകൾക്ക് അവകാശം ഉള്ള കാര്യത്തിൽ സർക്കാരിനെ ഉപദേശിക്കാൻ കരിക്കുലം കമ്മിറ്റി പ്രവർത്തിക്കുന്നു.

(സി) സമീപന രേഖയിൽ ആറു വയസ്സാണ് അഭിലഷണീയമെന്നു പറയുന്നുണ്ടെങ്കിലും നിലവിലുള്ള പ്രവേശന പ്രായപരിധി ഉയർത്തുവാൻ തൽക്കാലം ഉദ്ദേശമില്ല.

(ഡി&ഇ) വിവിധ ഘട്ടങ്ങളിലെ പ്രവേശനപ്രായം മാറ്റണമെന്ന നിർദ്ദേശത്തിന്മേൽ വിശദമായ ചർച്ചകൾക്കു ശേഷമേ തീരുമാനമെടുക്കുകയുള്ളൂ.

(എഫ്) ഭരണപരവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തിയ ശേഷമേ ഈ നിർദ്ദേശം നടപ്പിലാക്കാൻ ആവുകയുള്ളൂ.

ഏരിയാ ഇന്റെൻസീവ് പ്രോഗ്രാമനുസരിച്ച് നടത്തപ്പെടുന്ന സ്കൂളുകൾക്ക് ഗ്രാന്റ് അനുവദിക്കാൻ നടപടി

24 (1237) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ "ഏരിയാ ഇന്റെൻസീവ് പ്രോഗ്രാം" അനുസരിച്ച് ലഭിക്കുന്ന ഗ്രാന്റ് ഉപയോഗിച്ച് സ്കൂളുകൾ നടത്തുവാൻ അനുവാദം നൽകിയിട്ടുള്ള മാനേജുമെന്റുകൾ സ്കൂളുകൾ നടത്തുന്നതിന് സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാൽ ഇത്തരം സ്കൂളുകൾ എയിഡഡ് സ്കൂളുകളായി ഉയർത്താൻ നടപടി കൈക്കൊള്ളുമോ ;

(ബി) ഇല്ലെങ്കിൽ ഇവർക്ക് പ്രത്യേക ഗ്രാന്റ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) 1999-2000 വർഷത്തിൽ കേന്ദ്രത്തിൽ നിന്നും എന്തു തുക ഈയിനത്തിൽ ലഭിച്ചു ;

(ഡി) ഇവ വിതരണം നടത്തിയോ ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് വിതരണം നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ പദ്ധതിയിൻ കീഴിൽ ആരംഭിച്ചിട്ടുള്ള സ്കൂളുകൾ എയിഡഡ് സ്കൂളുകളായി ഉയർത്തുക വഴി ഗവൺമെന്റിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണിക്കാനാവില്ല.

LIBRARY ARCHIVES Kerala Legislative Assembly